പൂക്കോട് വെറ്ററിനറി സർവ്വകലാശാല ആസ്ഥാനം

159 (7456) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പൂക്കോട് ഉള്ള വെറ്ററിനറി സർവ്വകലാശാലാ ആസ്ഥാനം അവിടെ നിന്നും മാറ്റി സ്ഥാപിക്കാനുള്ള ആലോചന പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇങ്ങനെ ഒരു നിർദ്ദേശം പരിഗണനയിലില്ല.

(ബി) ബാധകമല്ല.

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ പുതിയ പദ്ധതികൾ

160 (7457) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനക്കയം കാർഷിക ഗവേഷണകേന്ദ്രത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക സർവ്വകലാശാലയുടെ പുതിയ കോഴ്സുകൾ പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങാൻ പദ്ധതിയുണ്ടോ ;

(സി) ടൂറിസം വകുപ്പുമായി സഹകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം മാത്രമുള്ള ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ മുഴുവൻ സ്ഥലവും കാർഷിക ഗവേഷണത്തിനും വിത്ത്/നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുമായി ഉപയോഗപ്പെടുത്തിവരുന്നു. കശുമാവ് ഗവേഷണകേന്ദ്രമായി പ്രവർത്തിച്ചു വന്നിരുന്ന ഈ കേന്ദ്രത്തിലെ വിളകളുടെയും പ്രവർത്തനമേഖലകളുടെയും വൈവിധ്യവത്ക്കരണംവഴി കേന്ദ്രത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കിയ പദ്ധതികളെല്ലാം ഗവേഷണത്തോടൊപ്പം വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനത്തിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുകയും വരുമാനം വർദ്ധിപ്പിക്കാൻ വഴിയൊരുക്കുകയും ചെയ്തു. 2005-06-ൽ 4.9 ലക്ഷം മാത്രം വരുമാനമുണ്ടായിരുന്ന ഈ ഗവേഷണ കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly